# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 24

# വാർത്താക്കുറിപ്പ്

---

## പുതുക്കിയ പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013ന് മുമ്പുള്ള അഡ്മിഷൻ മേഴ്സി ചാൻസ്) ഹിന്ദി - പോയട്രി, കമ്മ്യൂണിക്കേറ്റീവ് ഹിന്ദി ആന്റ് ട്രാൻസ്ലേഷൻ (മോഡൽ 1 ബി.കോം - 2011, 2012 അഡ്മിഷൻ), പോയട്രി, കമ്മ്യൂണിക്കേറ്റീവ് ഹിന്ദി ആന്റ് ട്രാൻസ്ലേഷൻ (മോഡൽ 1 ബി.കോം - 2011ന് മുമ്പുള്ള അഡ്മിഷൻ) എന്നീ പേപ്പറുകളുടെ പരീക്ഷ ഓഗസ്റ്റ് 13ന് യഥാക്രമം പരുമല പമ്പ ഡി.ബി. കോളേജിലും എറണാകുളം ചിന്മയ കോളേജിലും നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1412/2019)

## പ്രാക്ടിക്കൽ

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്.എസ്., 2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കലിന് പങ്കെടുക്കാൻ സാധിക്കാത്ത വിദ്യാർഥികൾക്ക് റഗുലർ പരീക്ഷയോടൊപ്പം പങ്കെടുക്കാവുന്നതാണ്. റഗുലർ പരീക്ഷകൾ ജൂലൈ 29ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1413/2019)

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഫിസിക്സ് (റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് ഒന്നു മുതൽ ബന്ധപ്പെട്ട കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1414/2019)

## എം.എസ്‌സി. ബയോഫിസിക്സ് സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിലെ എം.എസ്‌സി. ബയോഫിസിക്സ് പ്രോഗ്രാമിൽ സ്റ്റേറ്റ് മെറിറ്റ്, മുസ്ലിം സംവരണ വിഭാഗത്തിൽ ഓരോ സീറ്റൊഴിവുണ്ട്. ക്യാറ്റ് എം.ജി.യു. പ്രവേശന പരീക്ഷയിൽ ജനറൽ വിഭാഗത്തിൽ 200-ാം റാങ്ക് വരെയും മുസ്ലീം വിഭാഗത്തിൽ 400-ാം റാങ്ക് വരെയും ലഭിച്ച വിദ്യാർഥികളിൽ താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി ജൂലൈ 26ന് രാവിലെ 10ന് സ്കൂൾ ഓഫ് ബയോസയൻസസിൽ ഇന്റർവ്യൂവിന് എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731035.

(പി.ആർ.ഒ./39/1415/2019)

## എം.എഡ്. സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ്. പ്രോഗ്രാമിൽ എസ്.ഇ.ബി.സി. വിഭാഗത്തിൽ ഏതാനും സീറ്റൊഴിവുണ്ട്. ക്യാറ്റ് എം.ജി.യു. പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ ജൂലൈ 26ന് രാവിലെ 10ന് യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന രേഖകളുമായി പഠനവകുപ്പിൽ എത്തണം. ക്യാറ്റ് എം.ജി.യു. പരീക്ഷയെഴുതാത്തവർ 500 രൂപ അടയ്ക്കണം. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ./39/1416/2019)

## പരീക്ഷഫലം

2018 ഓഗസ്റ്റിൽ നടന്ന ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഡബിൾ ഡിഗ്രി ഇന്റഗ്രേറ്റഡ് ബി.കോം, എൽ.എൽ.ബി. ഓണേഴ്സ് സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1417/2019)

2018 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ പഞ്ചവത്സര ഡബിൾ ഡിഗ്രി ഇന്റഗ്രേറ്റഡ് ബി.ബി.എ., എൽ.എൽ.ബി. ഓണേഴ്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1418/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ഹിന്ദി (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1419/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1420/2019)

## സ്കോളർഷിപ്പ്, ക്യാഷ് അവാർഡ്; അപേക്ഷിക്കാം

ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കുള്ള 2018-19 അക്കാദമിക വർഷത്തെ മെറിറ്റ് സ്കോളർഷിപ്പ്, അശാന്തം 2018 കലോത്സവത്തിൽ വിജയികളായവർക്കുള്ള കൾച്ചറൽ സ്കോളർഷിപ്പ്, 2018 ജനവരി 26 ലെ റിപ്പബ്ലിക്ദിന പരേഡിൽ പങ്കെടുത്ത എൻ.സി.സി., എൻ.എസ്.എസ്. വോളണ്ടിയർമാർക്കുള്ള ക്യാഷ് അവാർഡ് എന്നിവയ്ക്കുള്ള അപേക്ഷ സെപ്റ്റംബർ ഏഴിന് വൈകീട്ട് 4.30 വരെ സ്വീകരിക്കും. ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ്, മഹാത്മാ ഗാന്ധി സർവകലാശാല, പി.ഡി. ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിലാണ് അപേക്ഷ അയയ്ക്കേണ്ടത്. കോളേജ് പ്രിൻസിപ്പൽമാർ സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കണം. അപേക്ഷഫോമും വിശദവിവരവും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2731031.

(പി.ആർ.ഒ./39/1421/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ